# Desabhimani

# 31 August 2018

# Chengannur, After Flood, Health Mission, Maharashtra Medical Team

## ആരോഗ്യ ദൗത്യം പൂർത്തിയാക്കി മഹാരാഷ്ട്ര മെഡിക്കൽ സംഘം മടങ്ങി

**ചെങ്ങന്നൂർ**

ചെങ്ങന്നൂരിലെ പ്രളയ ദുരന്തത്തിൽപ്പെട്ടവർക്ക് കൈത്താങ്ങായി കൊൽക്കത്ത ആസ്ഥാനമായ മെഡിക്കൽ സർവീസ് സെന്ററിന്റെ മഹാരാഷ്ട്ര വാർധയിൽ നിന്നുള്ള സംഘം മടങ്ങി. 10 പേർ അടങ്ങുന്ന സംഘം കഴിഞ്ഞ ഒരാഴ്ചക്കാലം മുളക്കുഴയിൽ താമസിച്ചാണ് പ്രവർത്തനം നടത്തിയത്. ചെങ്ങന്നൂരിന്റെ വിവിധ പ്രദേശങ്ങളിൽ സ്തുത്യർഹ സേവനം അനുഷ്ഠിക്കാൻ സാധിച്ചതായി സംഘം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വിവിധ മേഖലകളിൽ മെഡിക്കൽ ക്യാമ്പ് നടത്തി. ദുരിത മേഖലകൾ സന്ദർശിച്ച സംഘം ഫീൽഡ് സർവേകളും ശുചീകരണവും നടത്തി. മുമ്പ് പ്രകൃതി ദുരന്തങ്ങളുണ്ടായ ചെന്നൈ, നേപ്പാൾ, ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ്, കാശ്മീർ, തുടങ്ങിയ സുനാമി പ്രദേശങ്ങളിൽ സംഘം പ്രവർത്തിച്ചിട്ടുണ്ട്.

ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരാണ് സംഘത്തിലുള്ളത്. ഡോ. ജാനകി നരേന്ദ്രനാഥിന്റെ നേതൃത്വത്തിലുള്ള സംഘമാണ് മഹാരാഷ്ട്രയിൽ നിന്നും എത്തിയത്. മെഡിക്കൽ സർവീസ് സെന്ററിന്റെ കേരളാ ഘടകത്തിന്റെ കോ-ഓർഡിനേറ്റർ ഡോ. കെ ഹരിപ്രസാദിന്റെ നേതൃത്വത്തിലാണ് സംസ്ഥാനത്തിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. സംഘം നടത്തിയ സർവേയിൽ വളംകടി പോലുള്ള ത്വക്ക് രോഗങ്ങൾ വ്യാപകമായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ദിവസങ്ങളോളം വെള്ളം കെട്ടി നിന്ന് ഈർപ്പം നിറഞ്ഞ മുറികളിൽ പൂപ്പലും പായലും ഉള്ളതിനാൽ ബ്രോങ്കൈറ്റീസ്, ശ്വാസംമുട്ടൽ, തുമ്മൽ, ആസ്ത്മ തുടങ്ങിയ ശ്വാസകോശ രോഗങ്ങൾക്ക് വഴിതെളിക്കുമെന്ന് സംഘംപറഞ്ഞു. വെള്ളക്കെട്ടിനെ അതിജീവിക്കാനുള്ള ശൗചാലയങ്ങൾ നിർമിക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കണം. ദുരിതബാധിത പ്രദേശങ്ങളിൽ ഭക്ഷണ സാധനങ്ങൾ പൊതുവിതരണ സംവിധാനത്തിലൂടെ നൽകണം. വെള്ളം കയറിയ എല്ലാ വീടുകളുടേയും ബലക്ഷയം സർക്കാർ എൻജിനിയർമാർ പരിശോധിക്കണം. വാസയോഗ്യമല്ലാത്ത വീടുകളിലുള്ളവരെ പുനരധിവസിപ്പിക്കണം. വെള്ളപ്പൊക്കം മൂലമുണ്ടായ മാലിന്യങ്ങൾ സംസ്കരിക്കാൻ സംവിധാനങ്ങൾ വേണമെന്നും സംഘം പറഞ്ഞു. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി റിപ്പോർട്ട് തയ്യാറാക്കിയതായും സംഘം പറഞ്ഞു. ഡോ. പങ്കജ് ഔ കെ, ഡോ. നിഖിലാ മുരളി, ഇഷീർ ബോർക്കർ, അനന്ദു രാജ്, അബ്ദുൾ വഹാബ്, എസ് മിനി എന്നിവരും സംഘത്തിലുണ്ടായിരുന്നു. സംഘം ചെങ്ങന്നൂരിൽ നിന്നും മടങ്ങിയെങ്കിലും കേരളത്തിലെ വിവിധ ജില്ലകളിൽ സേവനം തുടരും.